**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4842** **20-07-2022 - ൽ മറുപടിയ്ക്ക്**

**ദേശീയപാതയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലൂടെ കടന്നുപോകുന്ന ദേശീയപാത 66-ന്റെ വികസനത്തിനായി എത്ര രൂപയുടെ പദ്ധതിയാണ് ഇപ്പോൾ നടപ്പാക്കുന്നതെന്നും ആയതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര രൂപയാണെന്നും അറിയിക്കാമോ; | (എ) | ദേശീയപാത 66-ന്റെ വികസനത്തിന്റെ ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന തുക, അതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. സംസ്ഥാന സർക്കാർ നൽകാനുള്ള തുകയിൽ ഇതുവരെ ഒൻപത് തവണകളായി 5580,73,80,071/- രൂപ ദേശീയപാത അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. |
| (ബി) | എൻ.എച്ച്. 66-ന്റെ ആലപ്പുഴ ജില്ലയിലൂടെ കടന്നുപോകുന്ന ഭാഗത്തിന്റെ വികസനത്തിനായി എത്ര പേരുടെ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നതെന്നും ഇതിനോടകം എത്ര പേരുടെ എത്ര ഭൂമിയാണ് ഏറ്റെടുത്ത് കഴിഞ്ഞതെന്നും ഭൂമി ഏറ്റെടുക്കലിനായി എത്ര രൂപയാണ് ഇതുവരെ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | ആലപ്പുഴ ജില്ലയിൽ 81.60 കി.മീ. നീളത്തിന് 8433 ഭൂവുടമകളുടെ 106 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. 106 ഹെക്ടർ ഭൂമിയിൽ 93 ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും 7977 ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി 2283 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. |
| (സി) | ഇനിയും ഏറ്റെടുക്കാനായി അവശേഷിക്കുന്നത് എത്ര പേരുടെ എത്ര ഭൂമിയാണെന്നും ആയതിന് എന്ത് തുക വേണ്ടി വരുമെന്നും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (സി) | 1415 ഭൂവുടമകൾക്കായി 652.91 കോടി രൂപ ഇനിയും വിതരണം ചെയ്യാനുണ്ട്. ഡെപ്യൂട്ടി കളക്ടർമാർ, LA-NH, CALA ആലപ്പുഴ എന്നിവർ ബാക്കിയുള്ള തുക വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ഡി) | പ്രസ്തുത റോഡിന്റെ ഏതൊക്കെ ഭാഗങ്ങളാണ് ഇപ്പോൾ നിർമ്മാണത്തിനായി ടെൻഡർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (ഡി) | തുറവൂർ മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം 5 പാക്കേജുകളായി തിരിച്ച് എല്ലാ പ്രവർത്തികളും ടെൻഡർ ചെയ്തു.<br><br>തുറവൂർ മുതൽ പറവൂർ വരെ<br><br>പറവൂർ മുതൽ കോട്ടുകുളങ്ങര വരെ<br><br>കോട്ടുകുളങ്ങര മുതൽ കൊല്ലം ബൈപ്പാസിന്റെ ആരംഭം വരെ |

| | | | |
|---|---|---|---|
| | | | കൊല്ലം ബൈപ്പാസിന്റെ ആരംഭം മുതൽ കടമ്പാട്ടുകോണം വരെ<br><br>കടമ്പാട്ടുകോണം മുതൽ കഴക്കൂട്ടം വരെ |
| (ഇ) | ദേശീയപാത 66-ന്റെ ആലപ്പുഴ ജില്ലയിലെ നിലവിലുള്ള റോഡുകളിലെ കുഴികൾ ഒഴിവാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഇ) | NH 66 ലെ കുഴികൾ അടയ്ക്കുന്നതിന് നടപടി സ്വീകരിക്കാൻ NHAI യോട് ആവശ്യപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ